**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3262** **26-06-2024 - ൽ മറുപടിയ്ക്ക്**

**ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിൽ രണ്ടാമതും പൊട്ടൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവം ഗൗരവമായി കാണുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ആക്കുളം ഗ്ലാസ് ബ്രിഡ്ജിന്റെ നിർമ്മാണം നടത്തുന്നത് ഡിറ്റിപിസി തിരഞ്ഞെടുത്ത ഏജൻസിയാണ്. നിർമ്മാണത്തിനിടയിൽ ഗ്ലാസുകൾക്ക് കേടുപാട് സംഭവിച്ചു എന്ന് ഡിറ്റിപിസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരവും NIT ഉൾപ്പെടെയുള്ള മറ്റ് പരിശോധന റിപ്പോർട്ടുകൾ കൂടി ലഭിച്ചതിനു ശേഷം മാത്രമെ പാലത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിന് കരാർ നൽകിയ സ്ഥാപനത്തിന് മുൻ പരിചയമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (ബി) | നിർമ്മാണം ഏറ്റെടുത്തിരുന്ന സ്ഥാപനത്തിന് അഡ്വഞ്ചർ ടൂറിസത്തിൽ മുൻപരിചയമുണ്ട്. QCBS രീതിയിലാണ് നടത്തിപ്പ് സ്ഥാപനത്തെ തിരഞ്ഞെടുത്തത്.<br><br>പ്രസ്തുത സ്ഥാപനത്തിന് അഡ്വഞ്ചർ ടൂറിസത്തിന്റെ അംഗീകാരം ലഭിച്ചിരുന്നു. |
| (സി) | പ്രസ്തുത സ്ഥാപനത്തിന് മുൻ പരിചയമില്ലെങ്കിൽ ജനങ്ങളുടെ സുരക്ഷ സുപ്രധാന ഘടകമാകുന്ന ഇത്തരമൊരു പദ്ധതിയുടെ നിർമ്മാണക്കരാർ ആ സ്ഥാപനത്തിനെ ഏല്പിച്ചതിന്റെ അടിസ്ഥാനമെന്താണെന്ന് അറിയിക്കുമോ? | (സി) | നിർമ്മാണം ഏറ്റെടുത്തിരുന്ന സ്ഥാപനത്തിന് അഡ്വഞ്ചർ ടൂറിസത്തിൽ മുൻപരിചയമുണ്ട്. QCBS രീതിയിലാണ് നടത്തിപ്പ് സ്ഥാപനത്തെ തിരഞ്ഞെടുത്തത്.<br><br>പ്രസ്തുത സ്ഥാപനത്തിന് അഡ്വഞ്ചർ ടൂറിസത്തിന്റെ അംഗീകാരം ലഭിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ